(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-14/1219/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ, തീയതി:07.09.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ശാന്തൻപാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ശാന്തൻപാറ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/1219/2017

തീയതി:07.09.2017

## ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-11-2016മുതൽ 17-08-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-08-2017മുതൽ 24-08-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സാമുവൽ രാജ് ആർ. | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ബെന്നി മാത്യൂ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ കെ.സി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ജിഷാ ദിലീപ് | 01-04-2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | പി.വി.മധു | 01-04-2016 മുതൽ 13-07-2016 വരെ |
| | കെ.ശശികുമാർ | 14-07-2016 മുതൽ 20-12-2016 വരെ |
| | ബാബു സുരേഷ് എ.വി. | 21-12-2016 മുതൽ 31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | എം.കെ.ദേവദാസ് | 01-04-2016 മുതൽ 24-07-2016 വരെ |
| | പി.ബി. പ്രമോദ് | 25-07-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ആർ. ബീന | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പത്മിനിയമ്മ റ്റി.ആർ. | 01-04-2016 മുതൽ 03-08-2016 വരെ |
| | ഐശ്വര്യ വി. | 04-08-2016 മുതൽ 03-03-2017 വരെ |
| | രാധാമണി.കെ.കെ. | 04-03-2017 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആർ. മുതൽരാജ് | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | സുശീല ആർ. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഗീതു കൃഷ്ണൻ | 01-04-2016 മുതൽ 11-07-2016 വരെ |
| | ഡോ.അഭിലാഷ് റ്റി.പി. | 12-07-2016 മുതൽ 05-08-2016 വരെ |
| | ഡോ.സിന്നറ്റ് പി.ആർ. | 06-08-2016 മുതൽ 19-12-2016 വരെ |
| | ഡോ.വിജേഷ് വിജയൻ | 20-12-2016 മുതൽ 11-01-2017 വരെ |

| | | |
|---|---|---|
| | ഡോ.സബീന സി.പി. | 12-01-2017 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. | ഗീതാമോൾ | 01-04-2016 മുതൽ 08-11-2016 വരെ |
| | കെ.വി.ബാബു | 09-11-2016 മുതൽ 11-01-2017 വരെ |
| | രശ്മി രാജ് ഡി. | 12-01-2017 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | സുധാദേവി കെ.എൻ. | 01-04-2016 മുതൽ 31-03-2017 വരെ |

**ഉള്ളടക്കം**


| | ഭാഗം 1 | |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തു നികുതി-സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമല്ല | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 16 | യഥാസമയം കോടതിവിധി നടപ്പിലാക്കിയില്ല.പലിശയിനത്തിൽ ഗണ്യമായ നഷ്ടം. | 3-1 |
| 17 | പാലിയേറ്റിവ് കെയർ -ഭവന സന്ദർശനം നടത്താത്ത ദിവസങ്ങളിലും ചെലവ് നടത്തിയത്-നഷ്ടം.₹15356 | 3-2 |
| 18 | പദ്ധതി ആസൂത്രണത്തിലെ അപാകത - പദ്ധതി പണം പാഴാവുന്നു | 3-3 |
| 19 | ഹോമിയോ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല | 3-4 |
| 20 | ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 3-5 |
| 21 | യോഗ്യതയില്ലാത്ത സ്ഥാപനത്തിൽ സ്ഥിരനിക്ഷേപം | 3-6 |
| 22 | അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 3-7 |
| 23 | സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വിതരണം പദ്ധതി നടപ്പിലാക്കിയില്ല | 3-8 |
| 24 | ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - ചെലവ് തടസ്സം ₹78660/- | 3-9 |

| | | |
|---|---|---|
| 25 | തെരുവ് വിളക്ക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-10 |
| 26 | ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല | 3-11 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2. |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3. |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5. |
| 32 | ഓഡിറ്റ് റിക്കവറി | 4-6. |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8. |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03-03-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 07-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ചേർക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11068572 |
| വരവ് | 52493024 |
| ആകെ | 63561596 |
| ചെലവ് | 49267444 |
| നീക്കിയിരിപ്പ് | 14294152 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | ബജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 14531285 | - | 14531285 | 14531285 | 12484143 | 85.91 | 2047142 |
| വികസന ഫണ്ട് (എസ്.സി.പി) | 8047254 | | 8047254 | 8047254 | 5157456 | 64.09 | 2889798 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 592776 | | 592776 | 592776 | 577984 | 97.5 | 14792 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 9084792 | | 9084792 | 9084792 | 3131394 | 34.47 | 5953398 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 3748440 | | 3748440 | 3748440 | 2605963 | 69.52 | 1142477 |
| 13-ാം ധനകാര്യ കമ്മീഷൻ | 8149759 | | 8149759 | 8149759 | 6192536 | 75.98 | 1957223 |
| ലോക ബാങ്ക് ധനസഹായം | 4273545 | | 4273545 | 4273545 | 2375006 | 55.55 | 1898539 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 64300846 | 104 | 34000732 | - | 40 | 72 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് % |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | - | 4563217 | 3087000 | 67.65 |
| വെറ്ററിനറി സർജൻ | 7 | 7 | - | 1477400 | 829225 | 56.13 |
| മെഡിക്കൽഓഫീസർ പി.എച്ച്.സി | 3 | 3 | - | 1089260 | 1082691 | 99.39 |
| ആയുർവേദം | 1 | 1 | - | 500000 | 500000 | 100.00 |
| വി.ഇ.ഒ | 9 | 7 | 2 | 16134600 | 3443600 | 21.34 |
| ഐ.സി.ഡി.എസ് | 8 | 7 | 1 | 3743466 | 3302845 | 88.23 |
| സെക്രട്ടറി | 16 | 13 | 3 | 4567743 | 4136991 | 90.57 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 3 | 3 | - | 1775000 | 1117000 | 62.92 |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | 90 | 56 | 34 | 30450160 | 16501380 | 54.19 |
| | 144 | 104 | 40 | 64300846 | 34000732 | 52.88 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 66.44 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2882515 | 4653788 | (+)1771273 | 61.45 |
| നികുതിയേതര വരവുകൾ | 1100764 | 2490024 | 1389260 | 126.21 |
| മറ്റുവരവുകൾ | 455952 | 244929 | (-)211023 | (-)46.28 |
| ആകെ | 4439231 | 7388741 | 2949510 | (+)66.44 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22560 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 27600 | 4 |
| വിധവാ പെൻഷൻ | 6129660 | 647 |
| വാർദ്ധക്യകാല പെൻഷൻ | 9552140 | 951 |
| വികലാംഗ പെൻഷൻ | 978200 | 136 |
| വിധവകളുടെ പെൺമക്കളുടെ കല്യാണം | 80000 | 2 |
| 50 കഴിഞ്ഞ അവിവാഹിതകൾക്ക് പെൻഷൻ | 34400 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16066/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം.

സ്റ്റോക്ക് രജിസ്റ്ററുകളിൽ എല്ലാ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ വരവിന്റെ പുരോഗതി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയിതിട്ടില്ല. 2016-17 വർഷത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ, നികുതികൾ, ഫീസുകൾ മറ്റ് ധന സ്രോതസുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും നിർദേശങ്ങളും കണ്ടെത്തി ജനറൽ കമ്മറ്റിക്ക് നൽകേണ്ടതാണ്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-08-2017 | ജൂൺ,ജൂലൈ,2017 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-06-2004 to 31-07-2004 | 1997-98 to 2003-04 | 07-10-2004 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളൊന്നും ആസ്തി രജിസ്റ്ററിലോ സാംഖ്യയിലോ ഉൾപ്പെടുത്തിയിട്ടില്ല.

2) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അധികാരികൾ നിർവ്വഹിക്കുന്ന ആസ്തി സമാഹരിക്കലിന്റെ ചെലവ് ക്യാപ്പിറ്റൽ ചെലവായി തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

3) വരവിന്റെ പുരോഗതി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയിതിട്ടില്ല. 2016-17 വർഷത്തെ ജനറൽ കമ്മിറ്റി മിനിട്ട്സ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് എന്നിവ പരിശോധിച്ചതിൽ, നികുതികൾ, ഫീസുകൾ മറ്റു ധന സ്രോതസുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

4) വസ്തു നികുതി അധികമായി പിരിച്ചെടുത്തത് തുടർ വർഷങ്ങളിൽ ക്രമീകരിക്കുന്നതിന് സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല.

5) ബ്രിഡ്ജ് അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം വിതരണം ചെയ്യാട്ടില്ലാത്ത തുകകൾ നീക്കിയിരിപ്പുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|
| കൃഷി ഓഫീസർ | SBT-67080095117 | 14663 |
| വെറ്ററിനറി സർജൻ | SBT-67350793058 | 71482 |
| വി.ഇ.ഒ. | SBT-67078919471 | 330322 |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | SBT- 67053189576 | 228325 |

6) അഡ്വാൻസ് റ്റു ഇംപ്ലിമെന്റ് ഏജൻസീസ് (460500202) എന്ന ഹെഡിൽ ₹58000/- കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു.ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ പ്രസ്തുത തുക വൈദ്യുതി ഉപഭോഗത്തിന് ആനുപാതികമായി ഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റാണെന്ന് വ്യക്തമായി.ആയതിനാൽ ടി തുക മേൽ ഹെഡിൽ നിന്ന് മാറ്റി ഉചിതമായ ഹെഡിൽ ചേർക്കേണ്ടതാണ്.

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 പ്രകാരം പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളും,കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ നല്കുവാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥനോട് ആവശ്യപ്പെടുന്നതിനുള്ള അധികാരം പഞ്ചായത്തിന് ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി) പ്രകാരമുള്ള നോട്ടീസ് നല്കി വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുവാൻ ശ്രമിക്കാത്തതുമൂലം മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും , ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുവാൻ സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, പള്ളിക്കുന്ന് | 1,2 |
| 2 | മാവേലി സ്റ്റോർ, പൂപ്പാറ | 1,2 |
| 3 | കെ.എസ്.ഇ.ബി, പൂപ്പാറ | 1,2 |
| 4 | ബിവറേജസ് കോർപ്പറേഷൻ | 1,2 |
| 5 | ശാന്തൻപാറ ആപ്കോസ് | 1,2 |
| 6 | കെ.സി.പി.എം.സി -ലിമിറ്റഡ് പൂപ്പാറ | 1,2 |
| 7 | ബി.എസ്.എൻ.എൽ.എസ് ശാന്തൻപാറ | 1,2 |

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പന്നിയാർ എസ്റ്റേറ്റ് പോസ്റ്റോഫീസ്, ആനയിറങ്കൽ പോസ്റ്റോഫീസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഓഡിറ്റ് വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നിയമപരമായ നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി-സാംഖ്യ-സഞ്ജയ ഇന്റഗ്രേഷൻ പൂർണ്ണമല്ല

ഗ്രാമപഞ്ചായത്തുകളിലെ വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കുന്നത് സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചും വസ്തുനികുതി കണക്കുകൾ തയ്യാറാക്കുന്നത് സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ചുമാണ്. ഈ രണ്ട് സോഫ്റ്റ് വെയറുകളും പൂർണ്ണമായും ഇന്റഗ്രേഷൻ നടത്തിയാൽ മാത്രമേ കണക്കുകൾ കൃത്യമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ പഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമല്ലാത്തതിനാൽ വസ്തുനികുതി സംബന്ധമായ കണക്കുകളിൽ സാംഖ്യയിലും സഞ്ചയയിലും വ്യത്യാസം കാണുന്നു. 2016-17-ലെ വ്യത്യാസം ചുവടെ നൽകുന്നു.

| | സഞ്ജയ പ്രകാരം വസ്തു നികുതി | വാർഷിക കണക്ക പ്രകാരം വസ്തു നികുതി | ആകെ | വ്യത്യാസം |
|---|---|---|---|---|
| Residential building current | 1867604 | 1369150 | 1918824 | 51220 |

| | | | | |
|---|---|---|---|---|
| Non-Residential building current | | 549674 | | |
| Residential building arrear | 1937478 | 1700917 | 2026547 | 89069 |
| Non Residential building arrear | | 325630 | | |
| ആകെ | 3805082 | | 3945371 | 140289 |

(2016-17ലെ വസ്തുനികുതി പിരിവ് കണക്കുകളിലെ അടിസ്ഥാന സോഫ്റ്റ് വെയർ ആയ സഞ്ചയയിൽ വസ്തുനികുതി റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമായില്ല. ആയതിനാലാണ് ഒന്നിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്.)

ഇപ്രകാരം വ്യത്യാസം സംഭവിക്കുന്നതിന്റെ കാരണം സഞ്ചയയിൽ ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വസ്തുനികുതിയും ഡിമാന്റ് ചെയ്യാതെ തന്നെ സാംഖ്യയിൽ സ്വീകരിക്കുവാൻ സാധിക്കുന്നതുകൊണ്ടാണ്. ഔട്ട് ഡോർ കളക്ഷൻ യഥാസമയം സഞ്ജയയിൽ രേഖപ്പെടുത്താത്തതിനാലും സാംഖ്യ-സഞ്ജയ കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടാവുന്നുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ നല്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥത | ഡിമാന്റ് തുക ₹ |
|---|---|---|---|
| 1 | 3/336 | വൊഡാഫോൺ | 5880 |
| 2 | 3/337 | റിലയൻസ് | 6300 |
| 3 | 3/338 | എയർടെൽ | 7350 |
| 4 | 6/358 | ഐഡിയ കമ്മ്യൂണിക്കേഷൻസ് | 6930 |
| 5 | 6/359 | ടാറ്റാ ഇൻഡികോം | 6300 |
| 6 | 6/360 | എയർടെൽ | 6300 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 യഥാസമയം കോടതിവിധി നടപ്പിലാക്കിയില്ല. പലിശയിനത്തിൽ ഗണ്യമായ നഷ്ടം

ഗ്രാമപഞ്ചായത്ത് 2010-2011 വർഷം നടപ്പിലാക്കിയ വനിതകൾക്കായുള്ള പി.എസ്.സി പരീക്ഷാ പരിശീലനം

(പ്രോജക്ട് നം.67/10), എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായുള്ള പി.എസ്.സി പരീക്ഷാ പരിശീലനം(പ്രോജക്ട് നം.68/10) എന്നിവ ഏറ്റെടുത്ത കെ.പി. ഫിലിപ്പ്, ഡയറക്ടർ, അമേരിക്കൻ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന കരാറുകാരന് യഥാസമയം കരാർ തുകയായ ₹366000/- നല്കിയിരുന്നില്ല. ഇതിനെ തുടർന്ന് കരാറുകാരൻ ബഹു. തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാനിൽ ഹർജി നൽകി (OP-770/11). 23/3/2012-ലെ ഉത്തരവിൽ പദ്ധതി നടത്തിപ്പ് വിശദമായി പരിശോധിച്ച് അർഹമായ തുക 30-04-2012നോ അതിനു മുമ്പോ നല്കുവാൻ ഓംബുഡ്സ്മാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദമായ പരിശോധന നടത്തുകയോ കരാറുകാരന് അർഹമായ തുക എത്രയാണെന്ന് നിജപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓംബുഡ്സ്മാന്റെ വിധി പഠന വിധേയമാക്കാതെ ഇതിനെതിരെ റിട്ട് പെറ്റീഷനുമായി പഞ്ചായത്ത് മുന്നോട്ട് പോകുകയാണുണ്ടായത്. അതായത് ഈ വിധിക്കെതിരെ ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ (WP(C) No. 10871/12) ഫയൽ ചെയ്തപ്പോൾ മേൽ തുക ലഭിക്കുന്നതിനുവേണ്ടി കരാറുകാരൻ ഗ്രാമപഞ്ചായത്തിനെതിരെയും റിട്ട് പെറ്റീഷൻ (WP(C) No. 14317/12) ഫയൽ ചെയ്തു. രണ്ട് റിട്ട് പെറ്റീഷനുകളും ഒന്നിച്ച് പരിഗണിച്ച ഹൈക്കോടതി 07/01/2015-ലെ വിധിന്യായത്തിലൂടെ ഓംബുഡ്സ്മാന്റെ ഉത്തരവ് ശരി വച്ച് കരാറുകാരന്റെ റിട്ട് പെറ്റീഷൻ (WP(C) No. 14317/12) അനുവദിച്ചു. ഇതോടൊപ്പം ഹർജിക്കാരൻ റിട്ട് പെറ്റീഷനിൽ ആവശ്യപ്പെട്ടിരുന്നതുപോലെ മുഴുവൻ പദ്ധതി തുകയായ ₹366000/-യും വിധിന്യായം ലഭിക്കുന്ന തീയതി മുതൽ രണ്ടുമാസത്തിനകം കരാറുകാരന് നൽകണമെന്നും അല്ലാത്തപക്ഷം 07/11/2010 (പദ്ധതി പൂർത്തീകരിച്ചതായി ഹർജിക്കാരൻ കോടതി മുമ്പാകെ ബോധിപ്പിച്ച തീയതി) മുതൽ 12 ശതമാനം പലിശ കൂടി നൽകേണ്ടതാണെന്നും വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിനെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഗ്രാമപഞ്ചായത്ത് റിട്ട് അപ്പീലുകൾ (WA No 1197/15 in WP(C)10872/12&WA No 1283/15 in WP(C)14317/12) ഫയൽ ചെയ്തെങ്കിലും 23/09/2016-ലെ വിധിന്യായത്തിലൂടെ സിംഗിൾ ബഞ്ചിന്റെ തീരുമാനം ശരിവച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ റിട്ട് അപ്പീലുകൾ തള്ളി. വിധിന്യായത്തിന്റെ പകർപ്പ് 14/10/2016-ന് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയിട്ടുണ്ട്.

നിശ്ചിത സമയപരിധിക്കകം തുക കരാറുകാരന് നൽകുകയോ പ്രസ്തുത വിധിയിൽ ആക്ഷേപമുള്ള പക്ഷം മേൽ കോടതിയെ സമീപിക്കുകയോ ചെയ്യേണ്ടിയിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ സിംഗിൾബഞ്ച് വിധിന്യായം അനുസരിച്ച് 14/10/2016 മുതൽ രണ്ടുമാസത്തിനുള്ളിൽ തുക കരാറുകാരന് നൽകേണ്ടതായിരുന്നു. തുക നൽകാതിരുന്നതിനെ തുടർന്ന് സിംഗിൾബഞ്ച് വിധിപ്രകാരം പലിശ സഹിതം തുക ആവിശ്യപ്പെട്ട് കരാറുകാരൻ കോടതിയലക്ഷ്യ ഹർജി (COC 233/17) ഫയൽ ചെയ്തു. ഇതിനെ തുടർന്ന് ₹366000/- 03/03/2017-ൽ വൗച്ചർ നമ്പർ 21600963 പ്രകാരം തനതു ഫണ്ടിൽ നിന്നും നല്കി. സിംഗിൾബഞ്ച് വിധി പ്രകാരം രണ്ടുമാസത്തിനുള്ളിൽ തുക നല്കാത്തതിനാൽ 07/11/2010 മുതലുള്ള പലിശ തുകയായ ₹2,78,000/രൂപ കരാറുകാരൻ ആവശ്യപ്പെട്ടപ്പോൾ കരാറുകാരനുമായി കൂടിയാലോചന നടത്തി 29/03/2017-ൽ വൗച്ചർ നമ്പർ 21601090 പ്രകാരം കരാറുകാരന് ₹ 200000/-നല്കി. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിവന്ന്

രണ്ടുമാസത്തിനുള്ളിൽ തുക നല്കിയിരുന്നുവെങ്കിൽ പലിശയിനത്തിൽ നല്കിയ തുക ഒഴിവാക്കാമായിരുന്നു.

യഥാസമയം തുക നല്കുവാൻ വീഴ്ച വരുത്തിയതുമൂലം പലിശ നൽകേണ്ടി വന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹200000/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>അപാകതകൾ</u>

1) <u>കരാർ- പഞ്ചായത്തും കരാറുകാരനുമായി ഏതെങ്കിലും വിധത്തിലുള്ള കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.</u>

കരാറുകാരനുമായി ഉടമ്പടി ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് തുക നൽകുവാൻ ഗ്രാമപഞ്ചായത്തിന് നിയമപരമായി ബാധ്യതയുണ്ടെന്ന ഓംബുഡ്സ്മാൻ ഉത്തരവ് റദ്ദാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സിംഗിൾ ബെഞ്ചിന് മുമ്പാകെ വാദിച്ചിരുന്നു. എന്നാൽ ഇക്കാര്യം ഓംബുഡ്സ്മാൻ മുമ്പാകെ ആദ്യം ഉന്നയിക്കാതിരുന്നതിനാൽ പ്രസ്തുത വാദം സിംഗിൾബെഞ്ച് നിരസിച്ചു. ഇതേ വാദം തന്നെ ഡിവിഷൻ ബെഞ്ച് മുമ്പാകെ ഉയർത്തിയപ്പോൾ ഇക്കാര്യം ആദ്യമായി ഈ കോടതിയിലല്ല ഉന്നയിക്കേണ്ടത് എന്ന് സൂചിപ്പിച്ച് സിംഗിൾബെഞ്ച് വിധിന്യായം ഡിവിഷൻ ബെഞ്ച് അംഗീകരിച്ചു.

2) <u>പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്തരിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.</u>

a) പ്രവൃത്തി നടത്തുവാനുള്ള അനുമതിപത്രം

b) പങ്കെടുത്ത ഗുണഭോക്താക്കളുടെ ഹാജർ, പരിശീലന ദിനങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ

c) മോണിട്ടറിംഗ് സമിതി റിപ്പോർട്ട്

മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇപ്രകാരം പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കാതിരുന്നിട്ടും ഇക്കാര്യം ഓംബുഡസ്മാൻ മുമ്പാകെ ഉന്നയിക്കുന്നതിനോ പഞ്ചായത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനോ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. മാത്രവുമല്ല പദ്ധതി നടപ്പാക്കിയതിന്റെ പണം നല്കുവാൻ തടസ്സമില്ല എന്ന് ഭരണനിർവഹണാധികാരിയായ ബഹു. പ്രസിഡന്റ് പറഞ്ഞതിനെ തുടർന്നാണ് പദ്ധതി നടത്തിപ്പ് വിശദമായി പരിശോധിച്ച് ഹർജിക്കാരന് അർഹമായ തുക നല്കുവാൻ ഓംബുഡ്സ്മാൻ ഉത്തരവായത്.

ഗ്രാമപഞ്ചായത്തിന്റെ കാര്യനിർവ്വഹണാധികാരി, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ സെക്രട്ടറിയും വി.ഇ.ഒ-യും ഇത് സംബന്ധിച്ച് സത്യവാങ്മൂലം പോലെയുള്ള രേഖകൾ ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ചതായി കാണുന്നില്ല. കരാറുകാരൻ ഓംബുഡ്സ്മാനെ സമീപിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്യുകയോ വേണ്ട നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ല. കരാറുകാരനുമായി ഉടമ്പടി ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് തുക നൽകുവാൻ ഗ്രാമപഞ്ചായത്തിന് നിയമപരമായി ബാധ്യതയില്ലെന്ന ഏറ്റവും പരമപ്രധാനമായ വാദം ഈ ഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് ഉയർത്തിയില്ല. പദ്ധതി നടപ്പായെന്ന് ഉറപ്പാക്കുന്ന ആധികാരിക രേഖകളുടെ പിൻബലമില്ലാതെ പണം നല്കുവാൻ തയ്യാറാണെന്ന നിലപാട് ഓംബുഡ്സ്മാൻ മുമ്പാകെ പ്രസിഡന്റ് സ്വീകരിച്ചത് മേൽക്കോടതികളിൽ

പഞ്ചായത്തിന് തിരിച്ചടിയായി. ഓംബുഡ്സ്മാന്റെ വിധിക്കുശേഷവും ഇതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിന് സബ്കമ്മിറ്റിപോലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് ഭരണസമിതി തയ്യാറായില്ല എന്നത് ഭരണസമിതിയുടെ നിരുത്തരവാദപരമായ സമീപനമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഓംബുഡസ്മാൻ വിധിയിൽ പരാമർശിച്ചതുപോലെ പദ്ധതി നടത്തിപ്പ് വിശദമായി പരിശോധിച്ച് തുക നൽകുന്നതിനുള്ള നടപടികൾ ഭരണസമിതി മുൻകയ്യെടുത്ത് സ്വീകരിച്ചിരുന്നുവെങ്കിൽ ₹5,66,000/-യുടെ ഭീമമായ നഷ്ടം പഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു. ഇപ്രകാരം പഞ്ചായത്തിന്റെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടില്ലാത്തതിനാൽ പദ്ധതിനടത്തിപ്പ് സംബന്ധിച്ച് വിശദമായ വകുപ്പ് തല അന്വേഷണങ്ങൾക്ക് ശുപാർശ ചെയ്യുന്നു.

## 3-2 പാലിയേറ്റിവ് കെയർ -ഭവന സന്ദർശനം നടത്താത്ത ദിവസങ്ങളിലും ചെലവ് നടത്തിയത്-നഷ്ടം.₹15356

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റിവ് കെയർ പദ്ധതിയ്ക്ക് വേണ്ടി (പ്രോജക്റ്റ് നം.65) താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹2,51,691/-പിൻവലിച്ച് ചെലവ് നടത്തിയിരിക്കുന്നു. കിടപ്പ് രോഗികളെ അവരുടെ ഭവനങ്ങളിൽ ചെന്ന് നേരിട്ട് സന്ദർശിച്ച് ചികിത്സിക്കുക എന്നുള്ളതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇങ്ങനെ ഭവന സന്ദർശനം നടത്തുന്ന വിവരങ്ങൾ (തിയതി,സ്ഥലം,ഉദ്യോഗസ്ഥരുടെ പേർ എന്നിവ) മെഡിക്കൽ ഓഫീസർ സൂക്ഷിച്ചിരിക്കുന്ന ഹോം കെയർ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് യാത്രയ്ക്കായി ക്വട്ടേഷൻ അംഗീകരിച്ച് വിളിച്ചിരിക്കുന്ന വാഹനത്തിന്റ വാടകയും സന്ദർശനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ ഭക്ഷണ ചെലവും നൽകുന്നത്. എന്നാൽ ഈ ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ ഭവന സന്ദർശനം നടത്താത്ത ദിവസങ്ങളിലും വാഹന വാടക, ഉദ്യോഗസ്ഥരുടെ ഭക്ഷണം എന്നീ ഇനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | ദിവസം | ചെലവാക്കിയ തുക ₹ | | ബിൽ നം, തുക തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| | | വാഹന വാടക | ഭക്ഷണം | | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 1 | 19.5.16 | 1100 | - | 1/16-17 106660/- 19.12.16 | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 2 | 31.5.16 | 1100 | - | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 3 | 3.6.16 | 1100 | - | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 4 | 7.6.16 | 1100 | - | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 5 | 10.6.16 | 1100 | - | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 6 | 23.6.16 | 1100 | 140 | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 7 | 25.6.16 | 1100 | - | "' | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 8 | 19.7.16 | 1100 | - | ' | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 9 | 5.8.16 | 1100 | 240 | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 10 | 1.11.16 | 1100 | 190 | 2/16-17<br>66270/-<br>17.2.17 | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 11 | 30.1.17 | 1100 | 236 | 4/16-17<br>19700/-<br>8.3.17 | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 12 | 17.2.17 | 1100 | 250 | 9/16-17<br>59061/-<br>24.3.17 | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| 13 | 16.3.17 | 1100 | - | " | ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസം ഭവനസന്ദർശനം നടത്തിയിട്ടില്ല. |
| | ആകെ | 14,300 | 1056 | | |
| | ഒട്ടാകെ | 15356 | | | |

ഭവന സന്ദർശനം നടത്താത്ത ദിവസങ്ങളിൽ വാഹന വാടക, ഉദ്യോഗസ്ഥരുടെ ഭക്ഷണം എന്നീ

ഇനങ്ങൾക്കായി ചെലവഴിച്ച തുക ₹15356/-ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പദ്ധതി ആസൂത്രണത്തിലെ അപാകത - പദ്ധതി പണം പാഴാവുന്നു

ശാന്തൻപാറ ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയ്ക്കായി വിഭാവനം ചെയ്യുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുന്നു. നിർവ്വഹണ യോഗ്യമാണെന്ന് ഉറപ്പാക്കാതെ വിഭാവനം ചെയ്ത് ഏറ്റെടുക്കുന്നത് മൂലം പല പദ്ധതികളും നാമമാത്രമായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. കൃഷി, മൃഗസംരക്ഷണ പദ്ധതികൾക്കായി 2016-17 വർഷം ₹60,40,617/-യുടെ അടങ്കൽ തുകയുള്ള പദ്ധതികൾ ഏറ്റെടുത്തെങ്കിലും ഇതിൽ ₹39,16,225/-യാണ് ചെലവഴിച്ചിട്ടുള്ളത്. 64.83% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. വലിയ തുക വകയിരുത്തിയ പദ്ധതികളിൽ നാമമാത്രമായ ചെലവ് വന്നിട്ടുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക ചെലവ് ₹ | ചെലവ് ₹ |
|---|---|---|---|---|
| 1 | പച്ചക്കറി കൃഷി സമഗ്ര വികസനം | കൃഷി ഓഫീസർ | 1471250 | 1034800 |
| 2 | കുരുമുളക് കൃഷി സമഗ്ര വികസനം (എസ്.സി) | കൃഷി ഓഫീസർ | 1631087 | 978500 |
| 3 | കന്നുകുട്ടി പരിപാലനം | വെറ്ററിനറി സർജൻ | 80,00,000 | 2,00000 |

പദ്ധതി ഏറ്റെടുക്കുമ്പോൾ അവ നിർവ്വഹണ യോഗ്യമാണോ എന്ന് വിലയിരുത്തി തുടർ വർഷങ്ങളിൽ പദ്ധതി ആസൂത്രണം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 65/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | ₹1,00000/- (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | ബിൽ നം. 3/16-17 തീയതി. 28.2.2017 തുക : ₹1,00000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹1,00000/- ആലപ്പുഴയിലുള്ള കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയുടെ യു.ബി.ഐ രാജകുമാരി അക്കൗണ്ട് നം. 6492 ൽ 31.03.2017ൽ ₹8,10,088/- അവശേഷിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. ഇതിൽ ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, കുടിവെള്ള കണക്ഷൻ, വീട് വയറിങ്ങ് എന്നിങ്ങനെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ധാരാളം ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ ഇത്രയും തുക അക്കൗണ്ടിൽ അവശേഷിക്കുന്നത് വലിയ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. അവശേഷിക്കുന്ന തുക ഉപയോഗിച്ച് പ്രൊജക്ടിൽ വിഭാവനം ചെയ്യുന്ന പ്രവർത്തികൾ എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

## 3-6 യോഗ്യതയില്ലാത്ത സ്ഥാപനത്തിൽ സ്ഥിരനിക്ഷേപം

1996-ലെ കേരള പഞ്ചായത്ത് രാജ് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഓഡിറ്റ് തരംതിരിവ് 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിൽ സ്ഥിര നിക്ഷേപം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്ന ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയിസ് സഹകരണ സംഘം 2009-10 മുതൽ ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് 25.04.2017 ലെ ജി-64/2017 കത്ത് മുഖേനെ ഉടുമ്പൻചോല സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ, മേൽ സ്ഥാപനത്തിൽ 26.12.2016 ൽ നിക്ഷേപിച്ചിരിക്കുന്ന 1252 നമ്പർ സ്ഥിരനിക്ഷേപം ₹156950/- പലിശ സഹിതം അടിയന്തിരമായി പിൻവലിക്കേണ്ടതും തനതു ഫണ്ടിലോ ഓഡിറ്റ് തരംതിരിവ് ബി-യിൽ കുറയാത്ത സ്ഥാപനത്തിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.റ്റി രാജകുമാരി ശാഖയിലുള്ള അക്കൗണ്ടിൽ (67053189576), 31.03.2017-ൽ, ₹228325/- നീക്കിയിരിപ്പുള്ളതായി പാസ്ബുക്കിൽ കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം, 19-07-2017-ൽ, ₹264835/-ബാങ്ക് നീക്കിയിരിപ്പുണ്ട്. റെക്കൺസീലിയേഷൻ നടത്താത്തതിനാൽ സൂചിത രണ്ട് തീയതികളിലെ തുകകളുടെയും കൃത്യത പരിശോധിക്കാനായില്ല.

പ്രസ്തുത തുക ഏതിനത്തിൽ അവശേഷിക്കുന്നതാണെന്ന് വ്യക്തതയില്ലാത്തതിനാൽ സഞ്ചിത നിധിയിലേയ്ക്ക്

അടവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിലവിൽ പ്ലാൻ ഫണ്ട് വിനിയോഗം ട്രാൻസ്ഫർ ക്രഡിറ്റ് വഴി നടത്തുന്നതിനാൽ, തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന് മാത്രമാണ് ഈ അക്കൗണ്ട് നിലനിർത്തുന്നത്. തൃപ്തികരമായി വേല പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കി അസി.എഞ്ചിനീയർ ലഭ്യമാക്കുന്ന ശുപാർശയിന്മേൽ പ്രതിഫലം ട്രാൻസ്ഫർ ക്രഡിറ്റായോ ഡി.ഡിയായോ ഗ്രാമപഞ്ചായത്തിന് നേരിട്ട് നല്കാവുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഇത്തരമൊരു ബാങ്ക് അക്കൗണ്ട് അസി.എഞ്ചിനീയറുടെ പേരിൽ നിലനിർത്തേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 3-8 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വിതരണം പദ്ധതി നടപ്പിലാക്കിയില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ/പ്രോജക്റ്റ് | : | 100/16-17/ഗവ. ഹൈസ്കൂളിൽ സാനിറ്ററി നാപ്കിൻ വിതരണം |
| നിർവ്വഹണം | : | സെക്രട്ടറി |
| ബിൽ നമ്പർ | : | 10/16-17തീ26-9-16തുക ₹93588/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വിതരണം എന്ന പദ്ധതിയ്ക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും ₹93588/- പിൻവലിച്ചിട്ടുണ്ട്. ഷീ പാഡ് വിതരണ കരാറുകാരായ കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന്(KSWDC)29-9-16 ൽ ₹95588/-D.D.നമ്പർ 178646 മുഖേന നല്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ)നം 280/16/ത.സ്വ.ഭ.വ തി 25-1-16 പ്രകാരം പദ്ധതി നടത്തിപ്പിന് ചിലവാകുന്ന തുകയുടെ 50% വനിതവികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ബാക്കി തുക അനുവദിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

payment dateന് മൂന്ന് മാസത്തിനുള്ളിൽ നാപ്കിനുകൾ എത്തിക്കണണമെന്ന് KSWDC യുമായി ഏർപ്പെട്ട കരാർ വ്യവസ്ഥയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതിയിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പിൽ നിന്നുള്ള ഉത്തരവ് നം.275/ഡി.ഡി/1/17/ത.സ്വ.ഭ.വ തി.13-6-17 പ്രകാരം സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന് സംസ്ഥാന വനിതാവികസന കോർപ്പറേഷന് അഡ്വാൻസ് നൽകിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 വർഷം സ്പിൽ ഓവറായി പ്രോജക്റ്റ് തുടരാം എന്ന് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ തുടർ മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ₹95588/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല - ചെലവ് തടസ്സം ₹78660/-

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കിയ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ (S003/16-17) എന്ന പദ്ധതിക്കായി ബിൽ നം. 1/2016-17/11.11.16 പ്രകാരം ₹500,000/- മാറി ഔഷധിക്ക് നൽകിയിട്ടുണ്ട്. വിതരണം ചെയ്ത മരുന്നുകളുടെ വില വിവരം ചുവടെ ചേർക്കുന്നു.

| തിയതി | ലഭ്യമാക്കിയ മരുന്നുകളുടെ വില |
|---|---|
| 25.7.17 | 312107 |
| 10.3.17 | 96213 |
| 25.3.17 | 13020 |
| | 421340 |

എന്നാൽ പിൻവലിച്ച ₹500000/-ൽ ₹78660/-യുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹78660/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവ് വിളക്ക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16മാസം മുതൽ 3/17 വരെ തെരുവ് വിളക്കുകളുടെ വൈദ്യതി ചാർജ് ₹3,41,106/- കെ.എസ്.ഇ.ബി.-യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇനം, തരം, ബൾബ്, ട്യൂബ്, സി.എഫ്.എൽ സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/ 12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ ഈ-ടെൻഡർ നടപടികളിലൂടെ 24 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും തൻമൂലം ലഭിച്ച ഫോം വില ₹81,750/-പഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 156950 |
| ആകെ | 156950 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 156950 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പഞ്ചായത്ത് എംപ്ലോയ്സ് കോപ്പറേറ്റീവ് സൊസൈറ്റി,നെടുങ്കണ്ടം | 156950 |
| ആകെ | 156950 |

### 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52493024 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49267444 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 215356 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 174248 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 200000 | കെ.ശശികുമാർ,ഹെഡ് ക്ലാർക്ക് (സെക്രട്ടറിയുടെ ചുമതല) |
| 3-2 | | 15356 | ഡോ.സിന്നറ്റ് പി.ആർ.,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.--10280<br>ഡോ.സബീന സി.പി.,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.--5076 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 95588 | കെ.ശശികുമാർ, ഹെഡ് ക്ലാർക്ക് (സെക്രട്ടറിയുടെ ചുമതല) |
| 3-9 | 78660 | സുശീല ആർ.മെഡിക്കൽ ഓഫീസർ,(ആയുർവ്വേദം) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ശശികുമാർ,<br>ഹെഡ് ക്ലാർക്ക്<br>(സെക്രട്ടറിയുടെ ചുമതല) | ഹെഡ് ക്ലാർക്ക്,മൺറോ തുരുത്ത് ഗ്രാമ പഞ്ചായത്ത് | യദുകുലം,നിരവിൽ ഹൗസ്,<br>പെരിനാട് പി.ഒ, കൊല്ലം |
| ഡോ.സിന്നറ്റ് പി.ആർ.,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി,ഗോതുരുത്ത്<br>എറണാകുളം | പുല്ലാർകാട് ഹൗസ്,<br>മടപ്ലാ തുരുത്ത്,<br>മൂത്തകുന്നം പി.ഒ. |
| ഡോ.സബീന സി.പി.,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. ശാന്തൻപാറ | വടക്കേയിൽ,<br>മുതലക്കോടം പി.ഒ.,<br>തൊടുപുഴ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്.ഐ-5/555/90/ 4.9.1990 | |
| 1966-67 | - ടി - | |
| 1969-70 | - ടി - | |
| 1970-71 | - ടി - | |

| | | |
|---|---|---|
| 1972-73 | - ടി - | |
| 1973-74 | - ടി - | |
| 1974-75 | - ടി - | |
| 1975-76 | എൽ.എഫ്.ഐ-5/3101/പി3/-7/ 3.12.1977 | |
| 1976-77 | എൽ.എഫ്.ഐ-5/2565/പി3/-78 3.8.1979 | |
| 1977-78 | എൽ.എഫ്.ഐ-5/79/80 20.6.1980 | |
| 1978-79 | എൽ.എഫ്.ഐ-5/178/81 2.2.1981 | |
| 1979-80 | എൽ.എഫ്.ഐ-5/55/82 12.1.1982 | |
| 1980-81 | എൽ.എഫ്.ഐ-5/915/82 8.8.1983 | |
| 1981-82 | എൽ.എഫ്.ഐ-5/1105/83 5.4.1984 | |
| 1982-83 | എൽ.എഫ്.ഐ-5/85/87 3.3.1988 | |
| 1983-84 | എൽ.എഫ്.ഐ-5/859/88 7.6.1988 | |
| 1984-85 | എൽ.എഫ്.ഐ-5/384/88/15.6.1988 | |
| 1985-86 | എൽ.എഫ്.ഐ-5/890/90 11.12.1990 | |
| 1986-87 | എൽ.എഫ്.ഐ-5/915/90 12.10.1990 | |
| 1987-88 | എൽ.എഫ്.ഐ-5/415/91 6.6.1991 | |
| 1988-89<br>1989-90 | എൽ.എഫ്.ഐ-5/202/93 27.2.1993 | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-5/119/94 18.3.1994 | |
| 1992-93 | എൽ.എഫ്.ഐ-5/291/94 27.8.1994 | |
| 1993-94<br>1994-95 | എൽ.എഫ്.ഐ-5/79/472/ 4.1.1997 | |
| 1996-97 | എൽ.എഫ്.ഐ-9/182/01 6.5.2001 | |
| 1997-98 | എൽ.എഫ്.ഐ-9/352/02 26.7.2002 | |
| 1998-99 | എൽ.എഫ്.ഐ-9/371/01 3.7.2003 | |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.ഐ-9/298/01 30.11.2001 | |
| 2000-01 | എൽ.എഫ്.ഐ-9/453/03 3.12.2003 | |
| 2001-02 | എൽ.എഫ്.ഐ-9/190/04 5.3.2004 | |
| 2002-03 | എൽ.എഫ്.ഐ-9/629/04 31.7.2007 | |
| 2003-04 | എൽ.എഫ്.ഐ-14/792/04 1.9.2011 | |
| 2004-05 | എൽ.എഫ്.ഐ-9/749/00 10.11.2004 | |
| 2005-06 | എൽ.എഫ്.ഐ-14/576/00 11.11.2011 | |
| 2006-07 | എൽ.എഫ്.ഐ-12/1249/12 6.12.2012 | |
| 2007-08 | എൽ.എഫ്.ഐ-14/1159/12 7.3.2012 | |
| 2008-09 | എൽ.എഫ്.ഐ-14/1346/12 12.4.2013 | |
| 2009-10 | എൽ.എഫ്.ഐ-14/655/12 12.4.2013 | |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13 13.3.2014 | |
| 2012-13 | എൽ.എഫ്.ഐ-14/1220/14 3.2.2015 | |
| 2013-14 & 2014-15 | കെ.എസ്.എ/ഐ.ഡി.കെ-14/10/2016/1.4.16 | |
| 2015-16 | കെ.എസ്.എ/ഐ.ഡി.കെ-14/1573/2016/28.11.16/20.12.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ -14/1219/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി: 07.09.2017
Ph: 04862227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSA-IDK-14/1219/2017

Kerala State Audit Department

District Audit Office,Idukki
Thodupuzha,Date:07.09.2017
Ph:04862-227332
E-mail:-doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of SANTHANPARA Grama Panchayat in Idukki District for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of SANTHANPARA Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI